# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 95 28.01.2019 ലെ മറുപടിക്ക്.

**ചെങ്ങന്നൂരിൽ നോർക്കയുടെ ഉപഓഫീസ്**

| ചോദ്യം<br>**ശ്രീ.സജി ചെറിയാൻ** | മറുപടി<br>**പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
|---|---|
| (എ) പ്രവാസികളുടെ സാമൂഹ്യ സുരക്ഷ ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) പ്രവാസികളുടെ സാമൂഹ്യ സുരക്ഷ ലക്ഷ്യമിട്ട് നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നിവ മുഖേന ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.<br><br>**സാന്ത്വന പദ്ധതി** -<br>തിരികെയെത്തിയ, ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായുള്ള ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതി 2005 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ അത്യാവശ്യ ഘട്ടങ്ങളിൽ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മരണാനന്തര ധനസഹായമായി പരമാവധി 1,00,000/- രൂപയും ചികിത്സാ ധനസഹായമായി പരമാവധി 50,000/- രൂപയും വിവാഹ ധനസഹായമായി പരമാവധി 15,000/- രൂപയും നൽകി വരുന്നു.<br><br>**കാരുണ്യം പദ്ധതി** -<br><br>പ്രവാസികളായ കേരളീയരുടെ (ഇന്ത്യയ്ക്ക് പുറത്തോ ഇതര സംസ്ഥാനങ്ങളിലോ ഉള്ളവർ) |

മൃതശരീരം സ്വദേശത്തേക്ക് കൊണ്ടു വരുന്നതിനുള്ള പദ്ധതി. ടി പദ്ധതിയിലൂടെ, മരണമടഞ്ഞ പ്രവാസിയുടെ നിയമാനുസൃത അവകാശിക്ക് ധനസഹായം നൽകി വരുന്നു. അന്യ സംസ്ഥാനത്ത് നിന്നും മൃതശരീരം നാട്ടിലെത്തിക്കുന്നതിന് പരമാവധി 15,000/- രൂപയും വിദേശത്ത് നിന്നും മൃതശരീരം നാട്ടിലെത്തിക്കുന്നതിന് പരമാവധി 50,000/- രൂപയുമാണ് നൽകിവരുന്നത്.

**പെൻഷൻ പദ്ധതി-**

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന 2014 സെപ്റ്റംബർ മാസം മുതൽ പ്രവാസികൾക്കുള്ള പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് പ്രതിമാസം 2,000/- രൂപ പെൻഷൻ നൽകി വരുന്നു.

**വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവക്കെതിരെയുള്ള ബോധവൽക്കരണം -**

വിദേശ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട ചൂഷണങ്ങൾ, വിസ തട്ടിപ്പ് എന്നിവക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ വിവിധ ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങളിലൂടെ നടത്തി വരുന്നു.

**തിരിച്ചു വന്ന പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതി -**

തൊഴിൽ രഹിതരായി തിരികെ എത്തുന്ന പ്രവാസികളുടെ പുനരധി

വാസത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പരമാവധി മുപ്പത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

## എൻ. ബി. എഫ്. സി (നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ)

പ്രവാസികളിൽ നിക്ഷേപം നടത്തുവാനും സംരംഭം തുടങ്ങുവാനും താല്പര്യമുള്ളവർക്ക് സംരംഭമേഖലയെക്കുറിച്ച് സമഗ്രമായ സഹായം നല്കുന്നതിനായി ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്.

## സ്വപ്ന സാഫല്യം

തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ചെറിയ കുറ്റങ്ങൾക്ക് വിദേശ ജയിലുകളിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്ന മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നല്കുന്ന പദ്ധതിയാണിത്.

## കോൾ സെന്റർ

വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ, നോർക്ക റൂട്ട്സ്, ഇവയുടെ കീഴിൽ വരുന്ന മറ്റ് ഓഫീസുകൾ സംബന്ധിച്ച വിവരങ്ങൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ, അത്യാവശ്യ ഘട്ടങ്ങളിൽ

ആവശ്യമായ ഉപദേശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും ഒരു കോൾ സെന്റർ പ്രവർത്തിക്കുന്നു.

**സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ**

വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടുന്നവർക്ക് അവരുടെ വിദ്യാഭ്യാസ/ വിദ്യാഭ്യാസേതര സർട്ടിഫിക്കറ്റിൽ എച്ച്.ആർ.ഡി അറ്റസ്റ്റേഷൻ, എം.ഇ.എ. അറ്റസ്റ്റേഷൻ, പോകുന്ന രാജ്യത്തിന്റെ എംബസി അറ്റസ്റ്റേഷൻ എന്നിവ നോർക്ക റൂട്ട്സിൽ വളരെ കുറഞ്ഞ സർവ്വീസ് ചാർജ്ജിൽ ചെയ്തു കൊടുക്കുന്നുണ്ട്. കൂടാതെ ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

**ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബെയ്സ് രൂപീകരണവും**
**പദ്ധതി**

പ്രവാസികളേയും തിരികെയെത്തുന്ന പ്രവാസികളേയും കുറിച്ചുള്ള കൃത്യവും സമഗ്രവുമായ ഒരു ഡാറ്റാബേസ് നോർക്ക റൂട്ട്സ് മുഖേന രൂപീകരിച്ചിട്ടുണ്ട്.

**എൻ. ആർ. കെ . ഐ.ഡി കാർഡ്/പ്രവാസി ഐ.ഡി കാർഡ്(വിദേശത്തുള്ള പ്രവാസികൾക്ക്) എൻ. ആർ. കെ ഇൻഷ്വറൻസ് കാർഡ് (അന്യ സംസ്ഥാനമലയാളികൾക്ക്)**

അപകട മരണത്തിന് പരമാവധി രണ്ടു ലക്ഷം രൂപ വരെയുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. സ്ഥിരമായ/പൂർണ്ണമായ/ഭാഗികമായ

വൈകല്യം എന്നിവക്ക് അംഗവൈകല്യത്തിന് ആനുപാതികമായി ഒരു ലക്ഷം രൂപ വരെ ലഭിക്കുന്നു.

മേൽപ്പറഞ്ഞവ കൂടാതെ കുടുംബ പെൻഷൻ, അവശതാ പെൻഷൻ, മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം, ചികിത്സാ സഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ്, തുടങ്ങിയ പദ്ധതികളും പദ്ധതി ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ബോധവത്ക്കരണ പരിപാടികളും കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നടപ്പാക്കി വരുന്നു. ഗുരുതരമായ അസുഖങ്ങൾ പിടിപെട്ട് നാട്ടിലെത്തുന്ന പ്രവാസികളെ വിവിധ എയർപോർട്ടുകളിൽ നിന്നും അവരുടെ വീട്ടിലേക്കോ/ ആശുപത്രികളിലേക്കോ സൗജന്യമായി എത്തിക്കുന്നതിനാവശ്യമായ ആംബുലൻസ് സേവനവും നടത്തി വരുന്നുണ്ട്.

(ബി) നോർക്ക ഓഫീസിന്റെ ഒരു ഉപ ഓഫീസ് ചെങ്ങന്നൂർ കേന്ദ്രീകരിച്ച് ആരംഭിക്കുന്നതിനുള്ള ആവശ്യകത സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(ബി) നിലവിൽ നോർക്ക റൂട്ട്സിന് തിരുവനന്തപുരത്ത് ആസ്ഥാന ഓഫീസും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ഓഫീസും പ്രവർത്തിച്ചുവരുന്നു. കൂടാതെ ജില്ലാതലങ്ങളിൽ 11 സെല്ലുകളും പ്രവർത്തിക്കുന്നുണ്ട്. ചെങ്ങന്നൂർ കേന്ദ്രീകരിച്ച് ഉപ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ.